(ബി) പ്രസ്തുത ഐ.റ്റി.ഐ.-യ്ക്ക് സ്ഥലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി ലഭ്യമാക്കാമോ ;

(സി) എന്നത്തേക്ക് ഐ.റ്റി.ഐ. ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട എലൂമ്പുലാശ്ശേരിയിൽ പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് വക കരിമ്പുഴ-2 വില്ലേജിൽ സർവ്വെ ബ്ലോക്ക് 674 ഫീൽഡ് നം.139, 140, 156, 157, 158, 159 എന്നിവയിൽപ്പെട്ട കനാലിന്റെ ആരംഭത്തിൽ നിന്നുള്ള 132 മീറ്ററിനുശേഷമുള്ള സ്ഥലത്തുനിന്നും നാല് ഏക്കർ സ്ഥലം നിലവിലെ ലീസ് എഗ്രിമെന്റ് പ്രകാരമുള്ള നിബന്ധനകൾക്കുവിധേയമായി അനുവദിക്കാമെന്ന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ജലവിഭവ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമായിട്ടില്ല. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി ലഭ്യമാകുന്നമുറയ്ക്ക് ഐ.റ്റി.ഐ. ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

സർക്കാർ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ

266 (931) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; ഈ വർഷം ഏതെല്ലാം ഐ.ടി.ഐ. കളിലാണ് പുതിയ കോഴ്സുകൾ തുടങ്ങിയിരിക്കുന്നത് ;

(ബി) സർക്കാർ ഐ.ടി.ഐ.കളിലെ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ പാഠ്യപദ്ധതിയാണ് പരിഷ്കരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരുപതോളം ട്രേഡുകൾ 2015 വിദ്യാഭ്യാസ വർഷംമുതൽ ഡി.ജി.ഇ. & റ്റി. നിർത്തൽ ചെയ്യുന്നതിനാൽ സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിലവിലുള്ള ടി ട്രേഡുകൾക്ക് പകരം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനുവച്ചപുരം, ചാക്ക, കഴക്കൂട്ടം (വനിത), ആറ്റിങ്ങൽ, കൊല്ലം, കൊല്ലം (വനിത), ബി.റ്റി.സി. , കൊല്ലം ഇളമാട്, ചെന്നീർക്കര, ചെങ്ങന്നൂർ, ചെങ്ങന്നൂർ (വനിത), ഏറ്റുമാനൂർ, പെരുവ, പള്ളിക്കത്തോട്, കട്ടപ്പന, കളമശ്ശേരി, ചാലക്കുടി, മാള, മലമ്പുഴ, മലമ്പുഴ (വനിത), അരീക്കോട്, കോഴിക്കോട്, കോഴിക്കോട് (വനിത), കൊയിലാണ്ടി, കണ്ണൂർ, കണ്ണൂർ (വനിത), മാടായി, കയ്യൂർ, കാസർഗോഡ് എന്നീ ഐ.ടി.ഐ.-കളിലാണ് ഇത്തരത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ ലക്ഷ്യം വയ്ക്കുന്നത്.

(ബി) സർക്കാർ ഐ.ടി.ഐ.-കളിലെ ട്രേഡുകളുടെ പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡി.ജി.ഇ. & റ്റി.) ആണ്. കാലാകാലങ്ങളിൽ പാഠ്യപദ്ധതിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ ഡി.ജി.ഇ. & റ്റി. വരുത്തുന്നുണ്ട്.

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.-ൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി

267 (932) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഗവ. ഐ. ടി. ഐ.-ൽ പുതിയതായി കെട്ടിട നിർമ്മാണത്തിനുള്ള ശിപാർശ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ ;

(സി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത ആറ്റിങ്ങൽ ഗവ ഐ.ടി.ഐ.-ൽ കെട്ടിടനിർമ്മാണത്തിനുള്ള അനുമതി എത്രയും പെട്ടെന്ന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽനിന്നും ലഭിച്ച അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 260 ലക്ഷം രൂപയുടെ ശിപാർശ 2-6-2015-ൽ ഇ 7/11908/15 എന്ന കത്തുപ്രകാരം ട്രെയിനിംഗ്, ഡയറക്ടർ, സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ 11184/സി3/15/തൊഴിൽ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly